**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4110** **27-10-2021 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ്എക്സൈസ് റെയിഞ്ചിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എക്സൈസ് വകുപ്പ് പിടികൂടുന്ന കേസുകളിൽ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് പ്രതികൾ രക്ഷപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | NDPS Act-ൽ കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ഒരു കിലോഗ്രാമിന് താഴെയുള്ള കഞ്ചാവ് Small Quantity വിഭാഗത്തിലാണ് വരുന്നത്. ഇത്തരം കേസിലെ പ്രതികൾക്ക് ജാമ്യം കിട്ടുമെന്നുള്ളത് എൻ.ഡി.പി.എസ്. ആക്ടിന്റെ ഒരു പ്രധാന പരിമിതി ആയതിനാൽ വിവിധ മയക്കു മരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. നിരോധിത പുകയില ഉല്പന്നങ്ങൾ കണ്ടെടുക്കുമ്പോൾ പിഴ ഇനത്തിൽ പരമാവധി 200/- രൂപ മാത്രമാണ് COTPA നിയമപ്രകാരം പ്രതികളിൽ നിന്നും ഈടാക്കുവാൻ സാധിക്കുന്നത്. ആയത് അപര്യാപ്തമാകയാൽ ടി തുക ഉയർത്തണമെന്നുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. Juvenile Justice (Care and Protection of Children) Act, 2015 വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വകുപ്പ് പ്രകാരം കേസുകൾ എടുക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഒരു കിലോയിൽ താഴെയുള്ള കഞ്ചാവ് | (ബി) | NDPS Act-ൽ കണ്ടെടുക്കുന്ന ലഹരി മരുന്നുകളെ |

| | | | |
|---|---|---|---|
| | കേസുകളിലെ പ്രതികൾ ജാമ്യമെടുത്ത് രക്ഷപ്പെടുന്നതും നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടിക്കപെട്ടാൽ ഇരുന്നൂറ് രൂപ പിഴയടച്ച് രക്ഷപ്പെടുന്നതും പുകയില ഉൽപ്പന്നങ്ങൾ കടത്താൻ ഉപയോഗിച്ച വണ്ടികൾ കണ്ടുകെട്ടാൻ നിയമത്തിൽ വ്യവസ്ഥയില്ലാത്തതും മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ അധികാരമില്ലാത്തതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് എക്സൈസ് വകുപ്പിന് പ്രയാസം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ എക്സൈസ് വകുപ്പിന് കൂടി അധികാരം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | | അവയുടെ അളവ് അനുസരിച്ച് Small Quantity, Medium Quantity, Commercial Quantity എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. Small Quantity ലഹരി മരുന്നുകൾ കണ്ടെടുക്കുന്ന കേസുകൾ ജാമ്യം ലഭിക്കാവുന്നവയാണ്. ഒരു കിലോഗ്രാമിന് താഴെയുള്ള കഞ്ചാവ് Small Quantity വിഭാഗത്തിലാണ് വരുന്നത്. ഇത്തരം കേസിലെ പ്രതികൾക്ക് ജാമ്യം കിട്ടുമെന്നുള്ളത് എൻ.ഡി.പി.എസ്. ആക്ടിന്റെ ഒരു പ്രധാന പരിമിതി ആയതിനാൽ വിവിധ മയക്കു മരുന്നുകളുടെ Small Quantity, Medium Quantity, Commercial Quantity അളവുകൾ പുതുക്കി നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. നിരോധിത പുകയില ഉല്പന്നങ്ങൾ കണ്ടെടുക്കുമ്പോൾ പിഴ ഇനത്തിൽ പരമാവധി 200/- രൂപ മാത്രമാണ് COTPA നിയമപ്രകാരം പ്രതികളിൽ നിന്നും ഈടാക്കുവാൻ സാധിക്കുന്നത്. ആയത് അപര്യാപ്തമാകയാൽ ടി തുക ഉയർത്തണമെന്നുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. Juvenile Justice (Care and Protection of Children) Act, 2015 വകുപ്പ് 77 & 78 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ ടി വകുപ്പ് പ്രകാരം കേസുകൾ എടുക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി അധികാരപ്പെടുത്തിക്കൊണ്ട് Juvenile Justice (Care and Protection of Children) Model Rules, 2016-ലെ 56(1), 57(1) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടകളിൽ നിന്നും കസ്റ്റഡിയിലെടുത്താൽ പ്രസ്തുത കടയുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പടെ കർശന നിയമ നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതിന് നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഒൻപത് പഞ്ചായത്തുകളും രണ്ട് നഗരസഭകളും ഉൾക്കൊള്ളുന്ന കൂത്തുപറമ്പ് എക്സൈസ് റെയിഞ്ചിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ഡി) | കൂത്തുപറമ്പ് എക്സൈസ് റെയ്ഞ്ച് ഓഫീസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ആധുനിക വാർത്താവിനിമയ സൗകര്യങ്ങളും, വാഹനങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ടി ഓഫീസിലെ ജീവനക്കാർക്ക് മാറിയ സാഹചര്യത്തിന് അനുസൃതമായി പരിശീലനം നൽകുകയും, ഓഫീസ് കമ്പ്യൂട്ടർ വത്ക്കരിക്കുകയും, സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | ഓൺലൈൻ സംവിധാനം മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂത്തുപറമ്പ് എക്സൈസ് കോംപ്ലക്സിൽ, വകുപ്പ് കണ്ടുപിടിക്കുന്ന കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കു മരുന്നുകളും, പുകയില ഉല്പന്നങ്ങളും നശിപ്പിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും, വകുപ്പിൽ കണ്ടു പിടിക്കുന്ന കേസുകളിലെ പ്രതികളെ ശാസ്ത്രീയമായ രീതിയിൽ ചോദ്യം ചെയ്യുന്നതിനായി ഒരു ആധുനിക ചോദ്യം ചെയ്യൽ മുറിയും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | കൂത്തുപറമ്പ് എക്സൈസ് റെയിഞ്ചിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കാനും പത്ത് വർഷത്തിലധികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പഴയ വാഹനം മാറ്റി പുതിയത് ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഇ) | കൂത്തുപറമ്പ് എക്സൈസ് റെയിഞ്ച് വിഭജിച്ച് പുതുതായി പാനൂർ എക്സൈസ് റെയിഞ്ച് ഓഫീസ് രൂപീകരിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. വാഹനങ്ങളില്ലാത്തതും, പഴയ വാഹനങ്ങളുള്ളതുമായ 25 ഓഫീസുകളിലെ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുള്ള അനുമതി നൽകുന്ന മുറയ്ക്ക്, കൂത്തുപറമ്പ് എക്സൈസ് റെയിഞ്ചിലെ പഴയ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ